യോഹ:9. 1–12, 35–38

ഒന്നുചിന്തിച്ചാൽ മനുഷ്യജീവിതം എത്രയേറെ ക്ലേശങ്ങൾ നിറഞ്ഞതാണ് ?ദാരിദ്ര്യം, രോഗങ്ങൾ , പട്ടിണി, അകാലമരണങ്ങൾ, അപകടങ്ങൾ, പ്രകൃതിദുരന്തങ്ങൾ ..ഈ ഭൂമിയിലെ ജീവിതം ഇത്തിരി കഠിനം തന്നെ. പലപ്പോഴും നാമൊക്കെ ഓരോന്നോർത്തു സങ്കടപ്പെടുകയും, പരാതി പറയുകയും ചെയ്യുന്നവരാണ്. ജീവിത്തിൽ വന്നുചേരുന്ന വിഷമതകളൊക്കെ മറ്റാരോ ചെയ്തു കൂട്ടിയ കൊള്ളരുതായ്മകളുടെ ഫലമാണെന്ന് ഉറച്ചു വിശ്വസിക്കുന്നവരാണ് നമ്മളിൽ പലരും. ആർക്കെങ്കിലും ഒരു അത്യാഹിതം സംഭവിച്ചാൽ ആയാളുടെ പൂർവ്വ ജീവിതത്തിന് ദൈവം നല്കിയതാണെന്നും, അംഗവൈകല്യമുള്ള കുട്ടികൾ പൂർവികരുടെ ആധാർമികമായ ജീവിതംകൊണ്ടാണെന്നുമൊക്കെ നമ്മൾ വിധിക്കാറുണ്ട് താനും.

എന്തിനീ വ്യഥകൾ ?

എന്തിനു മനുഷ്യനെ സൃഷ്ടിച്ചു എന്ന ചോദ്യത്തിന്, സ്നേഹം തന്നെയായ ദൈവത്തിന് തന്റെ സ്നേഹം പകരാൻ മറ്റൊരാൾ വേണമായിരുന്നു എന്നൊരുത്തരം എവിടെയോ വായിച്ചിട്ടുണ്ട്. അപ്പോൾപിന്നെ ഈ വേദനകളോ? അനന്തകരുണയായ, അനന്തസ്നേഹമായ ദൈവത്തിന്റെ പദ്ധതിയാണ് കുറച്ചു കാലത്തേ വേദനയെങ്കിൽ നാമെന്തുമറുപടി പറയും ? ദൈവീക പദ്ധതിയെ ഒന്നായി കാണാൻ നമ്മൾ മനുഷ്യർക്ക് പലപ്പോഴും പറ്റാറില്ല. അന്ധന്റെ കാര്യത്തിലും ഈശോ നൽകിയ മറുപടി ഇതുതന്നെ. "ദൈവത്തിന്റെ പ്രവർത്തികൾ പ്രകടമാകുമത്രെ". അപ്പോൾപിന്നെ നാമെന്തുപറയണം? പരാതിപ്പെടാതെ, മണ്ടൻ conclusions നടത്താതെ കാത്തിരിക്കുക. അത്രതന്നെ. ദൈവമിടപെടട്ടെ. (3 8 വർഷമായി ബെത്സയ്ദാക്കുളക്കരയിൽ മാലാഖ തനിക്കായി വെള്ളമിളക്കുന്നതും കാത്തുകിടന്ന രോഗി അത്ഭുതപ്പെടുത്തും നമ്മെ).

എന്താണുറപ് ?

ലോകചരിത്രത്തിലെ ഏറ്റവും വലിയ അത്ഭുതം ഏതെന്ന ചോദ്യത്തിന് ഫുൾട്ടൻ ജെഷീനെഴുതി, "ദൈവം മനുഷ്യനായി ഭൂമിയിലവതരിച്ചത്" എന്ന്. ചോരയും നീരും വികാരങ്ങളുമുള്ള മനുഷ്യനായി ക്രിസ്തു നമ്മോടൊപ്പമുണ്ട്. അതുകൊണ്ടാണവൻ പറഞ്ഞത് ,"ഞാൻ ലോകത്തിലായിരിക്കുമ്പോൾ ലോകത്തിന്റെ പ്രകാശമാണ്". ദൈവതമ്പുരാൻ കൂടെയുള്ളവൻ ആരെ പേടിക്കണം ? (സങ്കീ: 27–1). അതുകൊണ്ടാണ് അവൻ "ഇമ്മാനുവൽ" എന്നു വിളിക്കപ്പെടുന്നതും. വിശ്വാസത്തിന്റെ ഗ്രാഫ് ഒന്നു പരിശോധിക്കുന്നത് നന്ന്. എന്റെ നാവിലേയ്ക്കെത്തുന്ന ഇത്തിരിയപ്പത്തിൽ സാക്ഷാൽ ദൈവമാണെന്ന് വിശ്വസിക്കാൻ എത്രത്തോളം ധൈര്യമുണ്ട് ? ഒന്നു മാത്രമെ മനുഷ്യനായവൻ മനുഷ്യനിൽ നിന്നും അഗ്രഹിക്കുന്നുള്ളൂ- ചഞ്ചലപ്പെടാത്ത വിശ്വാസം.

ഇടപെടുന്ന വഴി

മനുഷ്യജീവിത്തിൽ ദൈവം ഇടപെടുന്നതും superman style-ലാണെന്ന് ധരിക്കരുത്- അന്ധനു കാഴ്ചയേകിയത് നിലത്തുനിന്നെടുത്ത ചെളിപുരട്ടിയായിരുന്നു. എന്റെ കൂടെ വസിക്കുന്നവൻ സാധാരണജീവിതത്തിന്റെ സാധാരണസംഭവങ്ങളിലൂടെ ഇടപെടുന്നുണ്ട്. പക്ഷെ, കാണാൻ കണ്ണില്ലാതെ പോകുന്നു. കൂടെ നടന്ന് സ്നേഹിക്കുന്നവന്റെ വാക്കുകൾ കേൾക്കാനാകാതെ പോകുന്നു. വിശ്വാസം അസാധാരണതകളിലേയ്ക്ക് ശ്രദ്ധതിരിക്കുന്നിടത്താണ് ദൈവം കൈമോശം വരുന്നത്. അനുദിന ജീവിതത്തിൽ ദൈവത്തെ കണ്ടുമുട്ടേണ്ട ക്രിസ്ത്യാനി സിദ്ധൻമാരുടെ കൂടാരങ്ങൾ തേടിയലയുന്ന കാഴ്ചകൾ വർദ്ധിക്കുകയാണ്. അതാണ് ഗുരു പറഞ്ഞത് "കാഴ്ചയില്ലാത്തവർ കാണുകയും, കാഴ്ചയുള്ളവർ അന്ധരായി

ത്തീരുകയും ചെയ്യേണ്ടതിന് ന്യയവിധിക്കായി ഞാൻ വന്നിരിക്കുന്നു".

നമ്മുക്കു വളരെ ലളിതമായി വിശ്വസിക്കാൻ
ലളിതമായി ജീവിക്കുവാൻ
മൃദുവായി ദൈവസാന്ന്യധ്യമനുഭവിക്കാൻ
എന്താണിത്ര ധൈര്യക്കുറവ് ?

ഡീ. അജോ രാമച്ചനാട്ട്